**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 142** **04-02-2026 - ൽ മറുപടിയ്ക്ക്**

**കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ കൃഷിക്കാരുടെ വരുമാനത്തിൽ അഞ്ച് വർഷത്തിൽ 50 ശതമാനം വർദ്ധനവ് വരുത്താൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br><br>സംസ്ഥാന സ്ഥിതിവിവര കണക്ക് വകുപ്പ് നടത്തിയ “Situation Assessment Survey on Agricultural Households in Kerala : 2024-25” എന്ന ശാസ്ത്രീയ പഠന റിപ്പോർട്ട് പ്രകാരം 2019-ൽ കർഷക കുടുംബങ്ങളുടെ ശരാശരി പ്രതിമാസ വരുമാനം 17915 രൂപ ആയിരുന്നത് 2021-ൽ 22343 രൂപയായും 2024-ൽ 28984 രൂപയായും ഉയർന്നിട്ടുണ്ട്. നിലവിലെ വളർച്ചാ നിരക്ക് തുടർന്നാൽ 2026-ഓടെ ശരാശരി പ്രതിമാസ വരുമാനം 33411 രൂപയായി ഉയരുമെന്നും ശരാശരി കാർഷിക കുടുംബ വരുമാനത്തിൽ 49.54 ശതമാനം വർധനവ് കൈവരിക്കാൻ സാധിക്കുമെന്നും സർവേയിൽ നിന്നുള്ള കണ്ടെത്തലുകൾ സൂചിപ്പിക്കുന്നു.<br><br>വിഷൻ-2026, വിഷൻ-2033 തുടങ്ങിയ ദീർഘകാല പദ്ധതികളുടെ ഭാഗമായി കാർഷിക മേഖലയെ സുസ്ഥിര വികസന പാതയിലാക്കി മാറ്റുന്നതിന് സർക്കാർ ലക്ഷ്യബദ്ധമായ ഇടപെടലുകൾ നടത്തി വരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ കാർഷിക വളർച്ചാ നിരക്ക് 4.65% ആയി ഉയർന്നത് (അഖിലേന്ത്യാ ശരാശരി 2.1%) ഈ ശ്രമങ്ങളുടെ ഭാഗമായിട്ടാണ്.<br><br>കേന്ദ്ര സർക്കാരിന്റെ National Sample Survey Organization (NSSO) നിർദ്ദേശിച്ച 77-ാം റൗണ്ട് Situation Assessment Survey (SAS)-ന്റെ രീതിശാസ്ത്രം (Stratified Two-Stage Sampling Design) പൂർണ്ണമായി പിന്തുടർന്നാണ് സംസ്ഥാന |

| | | | |
|---|---|---|---|
| | | | സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് മേൽ സർവ്വേ നടത്തിയിരിക്കുന്നത്. |
| (ബി) | ശാസ്ത്രീയ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് മോണിറ്റർ ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>സംസ്ഥാന സ്ഥിതിവിവര കണക്ക് വകുപ്പ് നടത്തിയ "Situation Assessment Survey on Agricultural Households in Kerala : 2024-25" എന്ന ശാസ്ത്രീയ പഠന റിപ്പോർട്ട് പ്രകാരം 2019-ൽ കർഷക കുടുംബങ്ങളുടെ ശരാശരി പ്രതിമാസ വരുമാനം 17915 രൂപ ആയിരുന്നത് 2021-ൽ 22343 രൂപയായും 2024-ൽ 28984 രൂപയായും ഉയർന്നിട്ടുണ്ട്. നിലവിലെ വളർച്ചാ നിരക്ക് തുടർന്നാൽ 2026-ഓടെ ശരാശരി പ്രതിമാസ വരുമാനം 33411 രൂപയായി ഉയരുമെന്നും ശരാശരി കാർഷിക കുടുംബ വരുമാനത്തിൽ 49.54 ശതമാനം വർധനവ് കൈവരിക്കാൻ സാധിക്കുമെന്നും സർവേയിൽ നിന്നുള്ള കണ്ടെത്തലുകൾ സൂചിപ്പിക്കുന്നു.<br><br>വിഷൻ-2026, വിഷൻ-2033 തുടങ്ങിയ ദീർഘകാല പദ്ധതികളുടെ ഭാഗമായി കാർഷിക മേഖലയെ സുസ്ഥിര വികസന പാതയിലാക്കി മാറ്റുന്നതിന് സർക്കാർ ലക്ഷ്യബദ്ധമായ ഇടപെടലുകൾ നടത്തി വരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ കാർഷിക വളർച്ചാ നിരക്ക് 4.65% ആയി ഉയർന്നത് (അഖിലേന്ത്യാ ശരാശരി 2.1%) ഈ ശ്രമങ്ങളുടെ ഭാഗമായിട്ടാണ്.<br><br>കേന്ദ്ര സർക്കാരിന്റെ National Sample Survey Organization (NSSO) നിർദ്ദേശിച്ച 77-ാം റൗണ്ട് Situation Assessment Survey (SAS)-ന്റെ രീതിശാസ്ത്രം (Stratified Two-Stage Sampling Design) പൂർണ്ണമായി പിന്തുടർന്നാണ് സംസ്ഥാന സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് മേൽ സർവ്വേ നടത്തിയിരിക്കുന്നത്. |
| (സി) | കാർഷികോത്പാദനക്ഷമത വർദ്ധന, തറവിലയിലെ കാലോചിത പരിഷ്കാരം, കാർഷിക ഉൽപന്ന സംസ്കരണത്തിൽ നിന്നുള്ള വരുമാനം, അനുബന്ധ വരുമാനങ്ങൾ എന്നിവയിലൂടെ ഈ നേട്ടം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്.<br><br>സംസ്ഥാന സർക്കാർ സ്വീകരിച്ച ബഹുമുഖ ഇടപെടലുകൾ വഴി കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. നെൽകൃഷിയിലെ ഉൽപ്പാദനക്ഷമത 2021–22-ൽ 2872 കി.ഗ്രാം ആയിരുന്നത് 2024–25-ൽ 3006 കിലോഗ്രാമായി ഉയർന്നിട്ടുണ്ട്. നാളികേര കൃഷിയിൽ 2023-24-ൽ ഹെക്ടറിന് 7211 നാളികേരമെന്ന നിലയിൽ നിന്ന് 2024-25-ൽ ഹെക്ടറിന് 7330 ആയും പച്ചക്കറി |

| | | | | |
|---|---|---|---|---|
| | | | | ഉൽപ്പാദനം 2023-24 ലെ 17.21 ലക്ഷം ടണ്ണിൽ നിന്ന് 2024-25 വർഷം 19.1 ലക്ഷം ടണ്ണായും ഉയർന്നിട്ടുണ്ട്.<br><br>16 ഇനം പഴം, പച്ചക്കറി വിളകൾക്ക് സർക്കാർ അടിസ്ഥാനവില പ്രഖ്യാപിച്ചു. അതോടൊപ്പം നെല്ലിന് ക്വിന്റലിന് 3000 രൂപ സംഭരണ വിലയും റബ്ബറിന് കിലോഗ്രാമിന് 200 രൂപ ഉല്പാദന ബോണസും പച്ചത്തേങ്ങയ്ക്ക് കിലോഗ്രാമിന് 34 രൂപയും താങ്ങുവിലയും നിശ്ചയിച്ചു.<br><br>100-ലധികം Farmer Producer Organization (FPOs) കൾ രൂപീകരിച്ചു. കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം കേരള മുഖേന നടപ്പിലാക്കുന്ന "RKVY 2019-20 Formation and Promotion of FPOs in Kerala" പദ്ധതിയിൽ രൂപീകരിക്കപ്പെട്ട 50 കർഷക ഉൽപ്പാദക സംഘടനകളിലായി 15324 കർഷകർ ഓഹരി ഉടമകളായിയുണ്ട്. കേരളത്തിലെ 14 ജില്ലകളിലായി പ്രവർത്തിച്ചുവരുന്ന ഈ കർഷക ഉൽപാദക സംഘടനകളുടെ വിവിധ പ്രവർത്തനങ്ങളിലൂടെ നാളിതുവരെ ലഭിച്ച വിറ്റുവരവ് 30.12 കോടിരൂപയാണ്.<br><br>"ഒരു കൃഷിഭവൻ – ഒരു മൂല്യവർദ്ധിത ഉൽപ്പന്നം" പദ്ധതിയിലൂടെ 2000 ഉൽപ്പന്നങ്ങൾ വിപണിയിലെത്തി. ഇവയിൽ 1000 ൽ അധികം ഉല്പനങ്ങൾക്ക് 'കേരളാഗ്രോ' ബ്രാൻഡ് നൽകി. 14 ജില്ലകളിലായി 15 കേരളാഗ്രോ ബ്രാൻഡഡ് ഔട്ട്‌ലെറ്റുകൾ പ്രവർത്തനം ആരംഭിച്ചു. ഇതോടൊപ്പം വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രെമോഷൻ കൌൺസിൽ-കേരളയുടെ കീഴിൽ 7 പ്രൈമറി പ്രോസസിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.ഹോർട്ടികോർപ്പിന് കീഴിൽ മാവേലിക്കരയിൽ ഒരു ഹണി പ്രോസസ്സിംഗ് സെന്ററും മൂന്നാറിൽ ഒരു സ്ട്രോബറി പ്രോസസ്സിംഗ് യൂണിറ്റും ആനയറയിൽ ഒരു ചിപ്സ് യൂണിറ്റ്, ഒരു കട്ട് വെജിറ്റബിൾ യൂണിറ്റ് എന്നിവയും പ്രവർത്തിച്ചുവരുന്നു. കൂടാതെ 14 മില്ലറ്റ് കഫേകളുടെ പ്രവർത്തനവും ആരംഭിച്ചിട്ടുണ്ട്.<br><br>ഫാം പ്ലാൻ പദ്ധതി പ്രകാരം കാർഷിക ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി വിവിധ ജില്ലകളിലായി 13 സ്മാൾ റീട്ടെയിൽ ഔട്ട് ലെറ്റുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ